**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4543** **29-10-2021 - ൽ മറുപടിയ്ക്ക്**

**തുഷാരഗിരി വനഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തുഷാരഗിരി വിനോദസഞ്ചാരകേന്ദ്രത്തിന് സമീപം ഇ.എഫ്.എൽ. ആയി പ്രഖ്യാപിച്ച് സർക്കാർ ഏറ്റെടുത്ത ഭൂമി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | തുഷാരഗിരി വിനോദസഞ്ചാരകേന്ദ്രത്തിന് സമീപത്തായി, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിൽ കോടഞ്ചേരി, നെല്ലിപ്പോയിൽ വില്ലേജുകളിലായി 215.30 ഹെക്ടർ സ്ഥലം 04.04.2007 ലെ ഇ.എഫ്.എൽ. 12-224/2006-ാം നോട്ടിഫിക്കേഷൻ പ്രകാരം ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | കോടതി നടപടികളിലൂടെ ഉടമകൾക്ക് തിരിച്ച് നൽകാൻ ഉത്തരവായ ഭൂമി വിനോദസഞ്ചാര കേന്ദ്രത്തിന്റെ സ്വാഭാവികത നിലനിർത്തുന്നതിനായി ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (ബി) | WP(C)-42528/18 നമ്പർ കേസിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 02.02.2021-ാം തീയതിയായുള്ള വിധിന്യായത്തിൽ ഇ.എഫ്.എൽ നോട്ടിഫിക്കേഷൻ പ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കിയ ഭൂമിയിൽ നിന്നും 23.83 ഏക്കർ ഭൂമി വിട്ടുനൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ബഹു.കോടതിയുടെ നിർദ്ദേശ പ്രകാരം ടി സ്ഥലത്ത് സർവ്വേ നടപടികൾ പുരോഗമിക്കുകയാണ്. കോടതി ഉത്തരവ് പ്രകാരം തിരികെ നൽകാൻ ഉത്തരവായ ഭൂമി തുഷാരഗിരി വിനോദസഞ്ചാരകേന്ദ്രത്തിന്റെ സ്വാഭാവികത നിലനിർത്തുന്നതിനായി ഏറ്റെടുക്കേണ്ടതുണ്ടോ എന്ന വിഷയം പ്രസ്തുത ഭൂമിയിലെ സർവ്വേ പൂർത്തീകരിച്ച് അതിരുകൾ തിട്ടപ്പെടുത്തിയശേഷം മാത്രമേ തീരുമാനിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ